**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 95** **23-01-2025 - ൽ മറുപടിയ്ക്ക്**

**രാഷ്ട്രീയ കൊലപാതകങ്ങൾ തടയാൻ നടപടി**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)** | | **ശ്രീ. പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | പെരിയ ഇരട്ടക്കൊലപാതക കേസിൽ ഒരു പ്രമുഖ രാഷ്ട്രീയ പാർട്ടിയുടെ നേതാക്കളും മുൻ എം.എൽ.എ.യും ഉൾപ്പെടെ ശിക്ഷിക്കപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനത്ത് രാഷ്ട്രീയ കൊലപാതകങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെങ്കിലും മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | വ്യത്യസ്ത രാഷ്ട്രീയ അഭിപ്രായമുള്ള പ്രസ്ഥാനങ്ങൾ പ്രവർത്തിക്കുന്ന നമ്മുടെ സമൂഹത്തിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാൻ പാടില്ല എന്നതാണ് സർക്കാർ നിലപാട്. അത് സാധ്യമാകണമെങ്കിൽ എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ദൃഢ നിശ്ചയത്തോടെയുള്ള നിലപാടാണ് വേണ്ടത്. സമാധാന അന്തരീക്ഷം സൃഷ്ടിക്കുന്നതിനു വേണ്ടി സർക്കാർ കൈക്കൊണ്ടിട്ടുള്ള നടപടികളുമായി എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളും സഹകരിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്. എന്നിരുന്നാലും ചില മേഖലകളിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത മുൻകൂട്ടി കണ്ട് ജാഗ്രതാപൂർവ്വമായ പ്രവർത്തനമാണ് സർക്കാർ നടപ്പിലാക്കി വരുന്നത്. ഇത്തരം കേസുകളിൽ നീതിയുക്തവും സുതാര്യവുമായ അന്വേഷണം നടത്തി ഉത്തരവാദികൾക്കെതിരെ ശക്തമായ നിയമ നടപടികൾ ഉറപ്പുവരുത്തിയിട്ടുണ്ട്. |
| (ബി) | സംസ്ഥാനത്ത് 2011 മുതൽ നാളിതുവരെ എത്ര രാഷ്ട്രീയ കൊലപാതകങ്ങൾ നടന്നിട്ടുണ്ട്; എത്ര കേസുകളിൽ പ്രതികൾ ശിക്ഷിക്കപ്പെട്ടിട്ടുണ്ട്; ഓരോ കേസിലും ശിക്ഷിക്കപ്പെട്ട പ്രതികളുടെ രാഷ്ട്രീയ പശ്ചാത്തലം എന്താണെന്ന് വ്യക്തമാക്കുമോ; എത്ര കേസുകളിൽ പ്രതികളെ കുറ്റവിമുക്തരാക്കിയിട്ടുണ്ടെന്നും ഏതൊക്കെ കേസുകളിലെന്നും വ്യക്തമാക്കുമോ? | (ബി) | അനുബന്ധമായി ചേർത്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| | |
|---|---|
| Total Cases | 72 (75 Victims) |
| UI | 02 |
| Pending Trial | 48 |
| Convicted Cases | 10 |
| Acquitted Cases | 10 |
| Transfer to CBI | 1 (Cr.No. 84/12, Payyoli PS, KKD RL) |
| Transfer to NIA | 1 (Cr. No. 318/22, Town South PS, PKD) |